## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

(ഹാജർ: ജീവൻബാബു.കെ, ഐ.എ.എസ്)

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്ഥാനക്കയറ്റം പരിത്യജിക്കൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. ജി.ഒ.പി. നം 39/91/പി&എ ആർ ഡി തീയതി. 07.12.1991.

2. ഈ കാര്യാലയത്തിലെ 18.02.2021 തീയതിയിലെ ഡി5/266/2021/ഡി.ജി.ഇ നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ ഡി5/3720/2021/ഡി.ജി.ഇ തീയതി: 21/04/2021

പരാമർശം (2) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് താഴെ പറയുന്ന അദ്ധ്യാപകരെ സ്ഥാനക്കയറ്റം നൽകി ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ നിയമിച്ചിരുന്നു. ടി അദ്ധ്യാപകർ ലഭിച്ച സ്ഥാനക്കയറ്റം പരിത്യജിക്കുന്നതിനായി നിർദ്ദിഷ്ട പരിത്യജപത്രം സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം. | റാങ്ക് നം. | പേര് | ജനന തീയതി | സ്ഥാനക്കയറ്റം നൽകി നിയമിച്ച സ്കൂൾ/സ്ഥാപനം | സ്ഥാനക്കയറ്റം പരിത്യജിച്ച കാലയളവ് |
|---|---|---|---|---|---|
| 1 | 1024/97 -2000 | ഉമാദേവി. ഒ, എം.വി.ജി.എച്ച്.എസ്. എസ്. പേരൂർ, കൊല്ലം | 02/04/1967 | ഗവ.വി.എച്ച്.എസ്.വെട്ടൂർ, തിരുവനന്തപുരം | 1 വർഷം (20/02/2021 മുതൽ 19.02.2022 വരെ) |
| 2 | 637/97 2000 | വിനോദിനി. കെ, ജി.എച്ച്.എസ്.എസ്. തിരുവങ്ങാട്, കണ്ണൂർ | 01/05/1968 | ഗവ.എച്ച്.എസ്. കണ്ണംപടി, ഇടുക്കി | 1 വർഷം (22/02/2021 മുതൽ 21.02.2022 വരെ) |

മേൽ സാഹചര്യത്തിൽ ടി അദ്ധ്യാപകർ സമർപ്പിച്ച പരിത്യാജപത്രം കെ എസ് & എസ്.എസ്. ആർ പാർട്ട് II ചട്ടം 38 പ്രകാരം അംഗകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Generated by CamScanner

സ്ഥാനക്കയറ്റം താൽക്കാലികമായി പരിത്യജിച്ചവർ കാലാവധി പൂർത്തിയാകുമ്പോൾ നിയമനം ലഭിക്കുന്നതിനായി പ്രത്യേകമായി അപേക്ഷ ഈ കാര്യാലയത്തിൽ സമർപ്പിക്കുവാനും നിർദ്ദേശിക്കുന്നു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥാനക്കയറ്റം പരിത്യജിക്കുന്നവരുടെ സർവ്വീസ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. സ്ഥാനക്കയറ്റം പരിത്യജിക്കൽ ഉത്തരവ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.(www.educationkerala.gov.in / dpi announcements) സ്ഥാപന മേധാവികൾക്ക് ഡയറക്ടറേറ്റിൽ നിന്നും പ്രത്യേകമായി ഉത്തരവ് നൽകുന്നതല്ല. ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുകയോ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ബന്ധപ്പെട്ട ആഫീസ് അധികാരികൾ മുഖാന്തിരം സ്ഥാനക്കയറ്റം പരിത്യജിച്ച ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

(ഒപ്പ്)
ജീവൻ ബാബു. കെ, ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ,
കേരള, തിരുവനന്തപുരം.

അംഗീകാരത്തോടെ//

സൂപ്രണ്ട്

പകർപ്പ്:

1. ബന്ധപ്പെട്ട സ്കൂൾ പ്രധാനാദ്ധ്യാപകർ/ പ്രിൻസിപ്പാൾ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന ( മേൽ വിവരം ബന്ധപ്പെട്ട അദ്ധ്യാപകരുടെ സേവന പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്)
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക്
3. ബന്ധപ്പെട്ട അദ്ധ്യാപകർക്ക് (ബന്ധപ്പെട്ട സ്കൂൾ പ്രധാനാദ്ധ്യാപകർ/ പ്രിൻസിപ്പാൾ മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. കരുതൽ ഫയൽ

Generated by CamScanner